Draft #203 of File 26895/AD A1/3/2019/AD A 1 Approved by ASSISTANT REGISTRAR I (ADMIN) on 23-May-2023 03:50 PM - Page 1

150 YEARS OF CELEBRATING THE MAHATMA

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

നമ്പർ. 26895/AD A1/3/എ ഡി എ 1/AD A 1

തീയതി: 23.05.2023

**സർക്കുലർ**

വിഷയം:- സർവ്വകലാശാലയിൽ പഠനത്തിനും, ഗവേഷണത്തിനും, മറ്റാവശ്യങ്ങൾക്കുമായി വരുന്ന വിദേശ പൗരന്മാർ - The Foreigners Act, 1946 പ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കുന്നത് - അധിക മാർഗ്ഗ നിർദ്ദേശങ്ങൾ - സംബന്ധിച്ച്.

സൂചന :- 1. സർവ്വകലാശാലാ ഉത്തരവ് നം. 4260/AD A1/2023/എം.ജി.യു., തീയതി 19.04.2023.
2. രജിസ്ട്രാറുടെ 22.05.2023 തീയതിയിലെ രജി./2/68/2023. നം. കുറിപ്പ്, വൈസ് ചാൻസലറുടെ ഉത്തരവ് സഹിതം.

സർവ്വകലാശാലയിൽ പഠനത്തിനും ഗവേഷണത്തിനും മറ്റാവശ്യങ്ങൾക്കുമായി വരുന്ന വിദേശ പൗരന്മാർ The Foreigners Act 1946 പ്രകാരമുള്ള വ്യവസ്ഥകൾ കൃത്യമായി പാലിക്കുന്നതിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ സൂചന (1) പ്രകാരം നൽകിയിരുന്നു. ഇതുമായി ബന്ധപ്പെട്ട് സർവ്വകലാശാല സമൂഹത്തിലും, സർവ്വകലാശാലയുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള സ്ഥാപനങ്ങളിലും കൂടുതൽ അവബോധം ഉണ്ടാക്കുന്നതിനായി 16.05.2023 തീയതിയിൽ സർവകലാശാലയിൽ ഒരു Interactive Training Programme സംഘടിപ്പിക്കുകയുണ്ടായി. ആയതിന്റെ കൂടി അടിസ്ഥാനത്തിൽ താഴെ ചേർക്കുന്ന അധിക മാർഗ്ഗനിർദ്ദേശങ്ങൾ സൂചന (2) പ്രകാരം വൈസ് ചാൻസലറുടെ അംഗീകാരത്തോടെ സർവ്വകലാശാലയിൽ നടപ്പിൽ വരുത്തുന്നു.

1. വിദേശ പൗരന്മാരെ വിസിറ്റിംഗ് ഫാക്കൽറ്റിയായി നിയോഗിക്കുന്നതിനുള്ള ശുപാർശ സമർപ്പിക്കുമ്പോൾ ടിയാളുകളുടെ വിശദമായ ബയോഡാറ്റ, ടിയാളുകളെ സംബന്ധിച്ച റഫറൻസ് എപ്രകാരം ലഭിച്ചുവെന്ന വിവരം തുടങ്ങിയവ കൂടി ബന്ധപ്പെട്ട വകുപ്പ് മേധാവികൾ നൽകേണ്ടതാണ്.

2. വിദേശ പൗരന്മാരെ വിസിറ്റിംഗ് ഫാക്കൽറ്റിയായി അംഗീകരിച്ച് വൈസ് ചാൻസലർ ഉത്തരവാകുന്ന പക്ഷം, നിയമാനുസൃതമായ വ്യവസ്ഥകൾ ഉറപ്പാക്കി ടിയാളുകളെ ക്ലാസ്സ് എടുക്കുന്നതിനായി വകുപ്പ് മേധാവി ക്ഷണിക്കേണ്ടതാണ്. ഇതിനായി വിദേശ വിസിറ്റിംഗ് ഫാക്കൽറ്റികൾക്ക് Invitation letter നൽകുമ്പോൾ, ആയതിൽ ടിയാളുകൾ കൈകാര്യം ചെയ്യേണ്ട വിഷയം സംബന്ധിച്ച വിവരങ്ങൾ, എടുക്കേണ്ട ക്ലാസുകളുടെ എണ്ണം, ഇതിനായി നൽകുന്ന പ്രതിഫല തുക, ക്ലാസുകൾക്കായി ചെലവഴിക്കേണ്ടിവരുന്ന ദിവസങ്ങളുടെ എണ്ണം തുടങ്ങിയവ വ്യക്തമായി പ്രതിപാദിക്കേണ്ടതാണ്. അതോടൊപ്പം, ടി കാര്യങ്ങൾ നിർവ്വഹിക്കുന്നതിന് അനുയോജ്യമായ നിയമാനുസൃതമുള്ള വിസയിൽ തന്നെ വരേണ്ടതാണെന്നുള്ള കൃത്യമായ വിവരവും ബന്ധപ്പെട്ട വ്യക്തിക്ക് നൽകേണ്ടതാണ്. മേൽ പരാമർശിച്ച പ്രകാരം നൽകുന്ന Invitation Letter-ന്റെ പകർപ്പ് ബന്ധപ്പെട്ട വകുപ്പ് മേധാവി രജിസ്ട്രാർക്ക് ലഭ്യമാക്കേണ്ടതാണ്. വിദേശ വിസിറ്റിംഗ് ഫാക്കൽറ്റികൾക്ക് സർവ്വകലാശാലയിൽ താമസ സൗകര്യം നൽകുന്ന പക്ഷം (ഉദാ:- സർവ്വകലാശാല ഗസ്റ്റ് ഹൗസ്), സൂചന (1) സർവ്വകലാശാലാ ഉത്തരവിൽ പരാമർശിച്ചിട്ടുള്ള Form B, Form C പ്രകാരമുള്ള വിവരങ്ങൾ സമർപ്പിക്കപ്പെട്ടിട്ടുണ്ടെന്ന് ബന്ധപ്പെട്ട വകുപ്പ് മേധാവി ഉറപ്പാക്കേണ്ടതാണ്. നിയമാനുസൃതമായ വ്യവസ്ഥകൾ പാലിക്കാതിരിക്കുന്നതു മൂലമുണ്ടാകുന്ന നിയമ പ്രശ്നങ്ങളുടെ ഉത്തരവാദിത്വം ബന്ധപ്പെട്ട വകുപ്പ് മേധാവിക്കായിരിക്കും.

3. സർവ്വകലാശാല പഠനവകുപ്പുകൾ, സെന്ററുകൾ തുടങ്ങിയവ സംഘടിപ്പിക്കുന്ന വിവിധ പരിപാടികളിലേക്ക് (സെമിനാറുകൾ, കോൺഫറൻസുകൾ, വർക്ക്ഷോപ്പുകൾ തുടങ്ങിയവ) വിദേശികളെ ക്ഷണിക്കുന്നതിന് മുന്നോടിയായി പ്രസ്തുത പരിപാടി സംബന്ധിച്ച വിശദമായ ഷെഡ്യൂൾ

ബന്ധപ്പെട്ട വകുപ്പ്/സെന്റർ തയ്യാറാക്കേണ്ടതും, ആയത് ബന്ധപ്പെട്ട വ്യക്തികളെ മുൻകൂട്ടി അറിയിച്ചിരിക്കേണ്ടതുമാണ്. പരിപാടിയിൽ പങ്കെടുക്കുന്നതിന് അനുയോജ്യമായ നിയമാനുസൃതമുള്ള വിസയിൽ തന്നെ വരേണ്ടതാണെന്നുള്ള വിവരവും ഇതോടൊപ്പം ബന്ധപ്പെട്ട വ്യക്തിക്ക് നൽകേണ്ടതാണ്. കൂടാതെ, Ministry of Home Affairs-ന്റെ വെബ്സൈറ്റ് സന്ദർശിച്ച് വിദേശികൾ പങ്കെടുക്കുന്ന പരിപാടികൾ സംബന്ധിച്ച Event Clearance, Ministry of External Affairs-ന്റെ വെബ്സൈറ്റ് സന്ദർശിച്ച് Political Clearance തുടങ്ങിയവയും പരിപാടി സംഘടിപ്പിക്കുന്ന പഠന വകുപ്പ്/സെന്റർ തേടിയിരിക്കേണ്ടതാണ്. പരിപാടി സംബന്ധിച്ച വിശദമായ ഷെഡ്യൂൾ, വിദേശികൾക്ക് നൽകിയ Invitation സംബന്ധിച്ച വിവരങ്ങൾ, Event Clearance, Political Clearance തുടങ്ങിയവ ലഭിച്ചതിന്റെ വിശദാംശങ്ങൾ എന്നിവ മുൻകൂട്ടി രജിസ്ട്രാർക്ക് ലഭ്യമാക്കേണ്ടതാണ്. പരിപാടികളിൽ പങ്കെടുക്കുന്നതിനായി വരുന്ന വിദേശികൾക്ക് സർവ്വകലാശാലയിൽ താമസസൗകര്യം നൽകുന്ന പക്ഷം (ഉദാ:- സർവ്വകലാശാല ഗസ്റ്റ് ഹൗസ്), സൂചന (1) സർവ്വകലാശാല ഉത്തരവിൽ പരാമർശിച്ചിട്ടുള്ള Form B, Form C പ്രകാരമുള്ള വിവരങ്ങൾ സമർപ്പിക്കപ്പെട്ടിട്ടുണ്ടെന്ന് ബന്ധപ്പെട്ട വകുപ്പ്/സെന്റർ ഉറപ്പാക്കേണ്ടതാണ്. മേൽ പരാമർശിച്ച പ്രകാരമുള്ള നിയമാനുസൃതമുള്ള വ്യവസ്ഥകൾ പാലിക്കാതിരിക്കുന്നത് മൂലമുണ്ടാകുന്ന നിയമപ്രശ്നങ്ങളുടെ ഉത്തരവാദിത്വം ബന്ധപ്പെട്ട വകുപ്പ്/സെന്ററിന്റെ മേധാവിക്ക് ആയിരിക്കും.

4. സർവ്വകലാശാലയിൽ പഠനത്തിനും ഗവേഷണത്തിനുമായി വരുന്ന വിദേശ വിദ്യാർത്ഥികളുടെ വിവരങ്ങൾ 'Form A' (Form S) രജിസ്റ്ററിൽ ഓൺലൈൻ ആയി സമർപ്പിക്കുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ സൂചന (1) സർവകലാശാല ഉത്തരവ് പ്രകാരം നൽകിയിരുന്നു. കൂടാതെ, ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഏകോപിപ്പിച്ച് നടപ്പിലാക്കുന്നതിന് UCIC ഡയറക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. വിദേശ വിദ്യാർത്ഥികളുടെ Academic Performance, Attendance തുടങ്ങിയവ സംബന്ധിച്ച വിലയിരുത്തൽ മൂന്ന് മാസം കൂടുമ്പോൾ നടത്തേണ്ടതും, ആയത് Form A രജിസ്റ്ററിൽ ചേർക്കേണ്ടതുമാണ്. വിദേശ വിദ്യാർത്ഥികളുടെ പഠനം/ഗവേഷണം അവസാനിക്കുന്നതു വരെ, ഇപ്രകാരം ആവശ്യമായ വിവരങ്ങൾ പ്രസ്തുത രജിസ്റ്ററിൽ ചേർക്കേണ്ടതാണ്. ഇതിനാവശ്യമായ വിവരങ്ങൾ ബന്ധപ്പെട്ട വകുപ്പ് മേധാവികൾ ലഭ്യമാക്കേണ്ടതാണ്. ആവശ്യമായ വിവരങ്ങൾ ഉൾക്കൊള്ളിച്ച് യഥാസമയം Form A രജിസ്റ്റർ അപ്ഡേറ്റ് ചെയ്യപ്പെടുന്നുണ്ടെന്ന് ബന്ധപ്പെട്ട വകുപ്പ് മേധാവികൾ ഉറപ്പുവരുത്തേണ്ടതാണ്.

ഒപ്പ്

**ഷിജി സെബാസ്റ്റ്യൻ വി**
അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)

സ്വീകർത്താവ്

1. സെക്ഷനുകൾ, ഡിപ്പാർട്ട്മെൻറുകൾ, സ്കൂളുകൾ
2. വൈസ് ചാൻസലർ/പ്രോ-വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ/ പരീക്ഷാ കൺട്രോളർ/ ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ.-മാർ
4. ജോയിൻറ് രജിസ്ട്രാർ/ഡെപ്യൂട്ടി രജിസ്ട്രാർ/അസിസ്റ്റൻറ് രജിസ്ട്രാർ (ഭരണം/ധനകാര്യം/അക്കാദമികം/പരീക്ഷ)
5. ജോയിൻറ് ഡയറക്ടർ -കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, എം.ജി. സർവ്വകലാശാല
6. പി.ആർ.ഒ./ റെക്കോർഡ്സ്/ സ്റ്റാറ്റിസ്റ്റിക്കൽ യൂണിറ്റ്/ ഐ.ക്യൂ.എ.സി./ ഐ.ടി. സെൽ 1/2
7. സ്റ്റോക്ക് ഫയൽ/ ഫയൽ കോപ്പി/ ഡേ ഫയൽ

Draft #203 of File 26895/AD A1/3/2019/AD A 1 Approved by ASSISTANT REGISTRAR I (ADMIN) on 23-May-2023 03:50 PM - Page 2
മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം